## കാറ്റഗറി നമ്പർ : 300 /2020

താഴെപ്പറയുന്ന ഉദ്യോഗത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ **പട്ടികവർഗ്ഗത്തിൽപ്പെട്ട** യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഒറ്റത്തവണ രജിസ്ട്രേഷന് ശേഷം ഓൺലൈനായി കമ്മിഷന്റെ വെബ്ബ്സൈറ്റിലൂടെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. നിലവിൽ രജിസ്ട്രേഷൻ ഉള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാം.

**1.** വകുപ്പ് : പോലീസ്

**2.** ഉദ്യോഗപ്പേര് : പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ (സംസ്ഥാനതലം) (സ്പെഷ്യൽ റിക്രൂട്ട്മെന്റ്–പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)
വനിതാ ഉദ്യോഗാർത്ഥികളും ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികളും ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.
അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല

**3.** ശമ്പളം : **Rs 22,200 – 48,000/-**

**4.** ഒഴിവുകളുടെ എണ്ണം : സംസ്ഥാനടിസ്ഥാനത്തിൽ **(30 ഒഴിവുകൾ) (സ്പെഷ്യൽ റിക്രൂട്ട്മെന്റ്–പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)**

കുറിപ്പ്:

**1.** 15.01.1986 തീയതിയിലെ G.O(P) 8/86/Home(SRO No. 86/86) , 28/01/2011 തീയതിയിലെ GO(Ms)No.24/11/ആഭ്യന്തരം, 27.11.2018 തീയതിയിലെ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ Home–K1/293/2018–Home നമ്പർ കത്ത്, 10.12.2018 തീയതിയിലെ സംസ്ഥാന പോലീസ് മേധാവിയുടെ L4–130019/2018/PHQ നമ്പർ കത്ത് എന്നിവ അടിസ്ഥാനമാക്കിയാണ് ഈ തസ്തിക വിജ്ഞാപനം ചെയ്തിട്ടുള്ളത്.

**2.** ഈ തസ്തികയ്ക്കായി നിലവിൽ വരുന്ന റാങ്ക് പട്ടിക അംഗീകരിക്കുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിന് ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യ മുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികവഗ്ഗക്കാർക്കായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഈ റാങ്ക് ലിസ്റ്റിന്റെ പരമാവധി കാലാവധിയായ 3(മൂന്ന്) വർഷത്തിനുള്ളിൽ ഒരാളെയെ ങ്കിലും നിയമന ശിപാർശ ചെയ്യിട്ടില്ലായെങ്കിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമന ശിപാർശ ചെയ്യുന്നതുവരെയോ ഏതാണ് ആദ്യം എന്നത് കണക്കാക്കി നീട്ടുന്നതായിരിക്കും.

**5.** നിയമനരീതി : നേരിട്ടുള്ള നിയമനം (സംസ്ഥാനതലം)
(സ്പെഷ്യൽ റിക്രൂട്ട്മെന്റ്–പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)
കുറിപ്പ്:– പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ് അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ച്കൊണ്ട് അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6.** പ്രായപരിധി : **18–31 ;** ഉദ്യോഗാർത്ഥികൾ 02.01.1989 നും 01.01.2002 –നും ഇടയിൽ ജനിച്ചവരായിരിക്കണം
(രണ്ട് തീയതികളും ഉൾപ്പെടെ)

<u>കുറിപ്പ്</u>:**(1)** വിമുക്തഭടന്മാർക്ക് 40 വയസ്സുവരെ പരമാവധി പ്രായത്തിൽ ഇളവ് നൽകുന്നതാണ്. (വയസ്സിളവ് സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i) നോക്കുക) പ്രായപരിധിയിലെ ഇളവുകൾ സംബന്ധിച്ച പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2–ലുള്ള മറ്റ് വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

**(2)** എസ്.എസ്.എൽ.സി ബുക്കിലെ ജാതി സംബന്ധിച്ച രേഖപ്പെടുത്തൽ വ്യത്യാസം ഉണ്ടാകുന്ന സാഹചര്യത്തിൽ ഉദ്യോഗാർത്ഥികൾ ശരിയായ ജാതി അപേക്ഷയിൽ അവകാശപ്പെടുകയാണെങ്കിൽ, ആയത് തെളിയിക്കുന്നതിനുള്ള റവന്യൂ അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ് ഇത് സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം എന്നിവ ഈ തെരഞ്ഞെടുപ്പിന്റെ വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

**7.** യോഗ്യതകൾ :

**1** <u>ജനറൽ</u>

(a) എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.
*( KS & SSR Part II Rule 10(a) ii ബാധകമാണ്)*

(b) നിലവിലുള്ള ഹെവി ഡ്യൂട്ടി വെഹിക്കിൾ ലൈസൻസും ബാഡ്ജും ഉണ്ടായിരിക്കണം. 16.01.1979 ന ശേഷമുള്ള ഡ്രൈവിംഗ് ലൈസൻ സിൽ ഹെവി ഗുഡ്സ്, ഹെവി പാസഞ്ചർ വെഹിക്കിൾ എന്നീ രണ്ടു തരം വാഹനങ്ങൾ ഓടിക്കുന്നതിനുള്ള എൻഡോഴ്സ്മെന്റ് ഉണ്ടായിരിക്കണം. ഇവയിൽ ഒന്നു മാത്രമുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. (മോട്ടോർ വെഹിക്കിൾ ആക്ടിന്റെ 47/78 എന്ന ഭേദഗതി കാണുക).

<u>കുറിപ്പ്:</u>

**1)** മോട്ടോർ സൈക്കിൾ ഓടിക്കുന്നതിനുള്ള ലൈസൻസ് അഭിലഷണീയമാണ്.

**2)** ഹെവി ഡ്യൂട്ടി മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിനുള്ള പ്രാഗത്ഭ്യം ഉണ്ടായിരിക്കണം (ഇത് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ഒരു പ്രായോഗിക പരീക്ഷയിൽ

തെളിയിക്കപ്പെടേണ്ടതാണ്.

**3)** പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികയിലേയ്ക്ക് ST വിഭാഗത്തിനായുള്ള സംവരണത്തിനുള്ള ക്വാട്ട നികത്തുന്നതിനായി പര്യാപ്തമായ പ്രസ്തുത യോഗ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്ത പക്ഷം SSLC പരാജയപ്പെട്ട ST വിഭാഗം ഉദ്യോഗാർത്ഥികളെയും പരിഗണിക്കുന്നതാണ്.

**4)** നോട്ടിഫിക്കേഷനിൽ പറഞ്ഞിരിക്കുന്ന യോഗ്യതയ്ക്ക് പുറമേ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.

**5)**വാഹനങ്ങൾ ഓടിക്കുന്നതിനുള്ള കഴിവ് പ്രായോഗിക പരീക്ഷയിലൂടെ നിശ്ചയിക്കുന്നതാണ്. ഗ്രൗണ്ട് ടെസ്റ്റ് (H Test) പാസ്സാകുന്നവരെ മാത്രമെ റോഡ് ടെസ്റ്റിന് പരിഗണിക്കുകയുള്ളൂ.

6)ഉദ്യോഗാർത്ഥികൾ ഡ്രൈവിംഗ് ലൈസൻസ് സംബന്ധിച്ച പൂർണ്ണവിവരങ്ങൾ അപേക്ഷയുടെ ബന്ധപ്പെട്ട ഭാഗത്ത് രേഖപ്പെടുത്തേണ്ടതാണ്.

7) ഉദ്യോഗാർത്ഥികൾ നിലവിലുള്ള ഡ്രൈവിംഗ് ലൈസൻസ് (ബാഡ്ജുൾപ്പെടെ)(Current Driving Licence with Badge) അപേക്ഷസമർപ്പണത്തിന്റെ അവസാനതീയതിയിലും പ്രായോഗിക പരീക്ഷാ തീയതിയിലും നിയമനശിപാർശാതീയതിയിലും ഉൾപ്പെടെ തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും ഉണ്ടായിരിക്കണം.

നേരിട്ടുള്ള നിയമനം മുഖേന നിയമിതരാകുന്ന ഓരോ വ്യക്തിക്കും 15/01/1986-ലെGO(P)No.8/86/Home ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന പരിശീലനം(in service training), പ്രൊബേഷൻ, പരിശീലനത്തിനുള്ള സെക്യൂരിറ്റി ബോണ്ട് എന്നിവ ഉണ്ടായിരിക്കുന്നതാണ്.

2 <u>ശാരീരിക യോഗ്യതകൾ</u>

(a) ഉയരം: കുറഞ്ഞത് 160 സെന്റിമീറ്റർ
നെഞ്ചളവ് : 76 സെ.മീറ്റർ (കുറഞ്ഞത് 5 സെ.മീ വികാസം വേണം)
(b) ചെവി : നല്ല കേൾവിശക്തി ഉണ്ടായിരിക്കണം.
(c) കണ്ണ്:താഴെപ്പറയുന്ന തരത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | കാഴ്ച | വലതുകണ്ണ് | ഇടതു കണ്ണ് |
|---|---|---|---|
| എ) | ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| ബി) | സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

കുറിപ്പ്:-

(i)പേശികൾക്കും സന്ധികൾക്കും തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും ആയാസരഹിതമായി ചലിപ്പിക്കാവുന്നതായിരിക്കണം. പകർച്ചവ്യാധികൾ പിടിപ്പെട്ടിരിക്കാൻ പാടില്ല.

(ii)ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചമേഖല ഉണ്ടായിരിക്കണം. വർണ്ണാന്ധത, സ്ക്വിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടേയൊ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(iii)മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് *(മുൻ പല്ല്)*, ഉന്തിയ പല്ലുകൾ, കൊഞ്ഞ , കേൾവിയിലും സംസാരത്തിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ ഉണ്ടായി രിക്കരുത്.

ഉദ്യോഗാർത്ഥികൾ പ്രായോഗിക പരീക്ഷാ സമയത്ത് താഴെക്കൊടുത്തിട്ടുള്ള ഫാറത്തിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജനിൽ കുറയാത്ത റാങ്കുള്ള ഒരു മെഡിക്കൽ ഓഫീസറിൽ നിന്നും ശാരീരിക യോഗ്യത തെളിയിക്കുന്നതിനും സർക്കാർ സർവീസിലുള്ള ഓഫ്ത്താൽമോളജിസ്റ്റിൽ നിന്നും കണ്ണട കൂടാതെയുള്ള കാഴ്ചശക്തി തെളിയിക്കുന്നതിനുമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ അസ്സൽ ഹാജരാക്കേണ്ടതും ആയത് പ്രമാണ പരിശോധന സമയത്ത് അവരുടെ പ്രൊഫൈലിൽ *Upload* ചെയ്യേണ്ടതുമാണ്.

## FORM OF MEDICAL CERTIFICATE
## PART A – STANDARD OF VISION
## (To be filled by an Ophthalmologist in Government Service)

1. Is there any defect of vision?

   If so, has it been corrected by suitable spectacles so that the distant vision is 6/6 snellen and near vision is 0.5 snellen.

2. Can the applicant readily distinguish the pigmentary colours red and

3. Does the applicant suffer from any night blindness?

I have this day, medically examined Sri.................................................... (Name and address) and found that he has no defect of vision which would render him unsuitable for the post of Police Constable Driver and his standards of vision are as follows.

**Standards of vision**
**(Eye sight without glasses)**

| | | Right Eye | Left Eye |
|---|---|---|---|
| 1) | Distant Vision | ……… Snellen | ……Snellen Snellen |
| 2) | Near Vision | ……… Snellen | ……Snellen Snellen |

3) Field of Vision ………………………………
(Specify whether FULL or not. Entry 'Normal', 'Good' etc. will be inappropriate)
4) Colour Vision ………………………………
5) Squint
6) Any morbid conditions of the eyes or lids of either eye ……………………………

His standards of vision are fit for the post of Police Constable Driver

I certify to the best of my knowledge and belief that the applicant Sri…………………… is the person herein above described and that the attached photograph has a reasonably correct likeness. (The signature of the Ophthalmologist shall be affixed on the photograph leaving the face clear)

| PHOTO OF THE CANDIDATE |
|---|

Place: Signature
Date: Name & Designation of Medical Officer
*Office Seal*

## PART B – PHYSICAL FITNESS FOR THE POST OF POLICE CONSTABLE DRIVER

***(To be filled up by a Medical Officer not below the rank of an Assistant Surgeon)***

1. What is the applicant's apparent age ?
2. Is the applicant to the best of your judgment, subject to epilepsy, vertigo or any mental ailment likely to effect his efficiency ?
3. Does the applicant suffer from any heart or lungs disorder which might interfere with the performance of his duties as a Driver ?

4. Does the applicant suffer from any degree of deafness, which would prevent his hearing the ordinary sound signals ? Is his hearing perfect ?
5. Has the applicant any deformity or loss of finger, which would interfere with the efficient performance of his duties as a driver ?
6. State of Muscles and Joints (No paralysis and all joints with free movements)
7. State of Nervous System (Perfectly normal and free from any infectious diseas)
8. Does he show any evidence of being addicted to the extensive use of alcohol, tobacco or drinks ?
9. Marks of Identification 1) ....................................
   2) ....................................

He is physically fit for the post of Police Constable Driver.

I certify to the best of my knowledge and belief that the applicant Shri................................. is the person herein above described and that the attached photograph has a reasonably correct likeness.

(The signature of the Medical officer shall be affixed on the photograph leaving the face clear).

| Photo of the candidate |
|---|

Signature:
Name :
Designation & Official Address

Place:
Date: (Office Seal)

<u>കുറിപ്പ്</u>:- കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ്, മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാതെയുള്ള സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

കുറിപ്പ്:_ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ പ്രായോഗിക പരീക്ഷാ (ഡ്രൈവിംഗ് ടെസ്റ്റ്) വേളയിൽ എടുക്കുന്നതാണ്. നിശ്ചിത അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ പ്രായോഗിക പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല.

**8. അപേക്ഷ സമർപ്പിക്കുന്ന രീതി:**

(എ) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. അവരുടെ user ID യും Password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31/12/2010 നോ അതിനു ശേഷമോ എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് Upload ചെയ്ത ഫോട്ടോയ്ക്ക് 10 വർഷക്കാലത്തേക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Application link click ചെയ്ത് അപേക്ഷയുടെ പ്രിന്റ് എടുത്ത് സൂക്ഷിക്കാവുന്നതാണ്. Password രഹസ്യമായി സൂക്ഷിക്കേണ്ടതും, വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്.

ഓരോ തസ്തികയ്ക്കും അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊളളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പു വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്താനോ അപേക്ഷ ഒഴിവാക്കുവാനോ കഴിയില്ല. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(ബി) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

(സി) ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത് / ഒ.എം.ആർ / ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷ തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട

പരീക്ഷ ഉൾപ്പെടുന്ന പരീക്ഷ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും, അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്.

(ഡി) വിദ്യാഭ്യാസം, പ്രവൃത്തി പരിചയം തുടങ്ങിയ യോഗ്യതകൾ തെറ്റായി രേഖപ്പെടുത്തിയ ശേഷം പരീക്ഷയ്ക്ക് കൺഫർമേഷൻ (സ്ഥിരീകരണം) നൽകുന്ന ഉദ്യോഗാർത്ഥികൾ അവർ പരീക്ഷ എഴുതിയാലും എഴുതിയില്ലെങ്കിലും 1976 ലെ KPSC Rules of Procedure Rule22 പ്രകാരം ശിക്ഷാർഹരായിരിക്കുന്നതാണ്.

**9.** അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി **. 30.12.2020** ബുധനാഴ്ച രാത്രി 12 മണി വരെ

**10. അപേക്ഷ സമർപ്പിക്കേണ്ട വെബ്സൈറ്റ് : www.keralapsc.gov.in**

11. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25-ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(c) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

12. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 17.01.1976-ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994-ലെ ജി.ഒ.(പി) 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

( ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള വിശദവിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നോക്കുക)

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ